"ഭരണഭാഷ മാതൃഭാഷ"

സി.ബി(1)1576/20

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 12.08.2020

## സർക്കുലർ നമ്പർ - 59/2020

വിഷയം:- സഹകരണ വകുപ്പ് - കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി ക്ഷീര കർഷകർക്കും, മത്സ്യ കർഷകർക്കും, പൗൾട്രി കർഷകർക്കും കൂടി ലഭ്യമാക്കുന്നത്-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 48/99, 28/00, 41/2004, 10/2013 എന്നീ നമ്പർ സർക്കുലർ.
2) സംസ്ഥാന സഹകരണ ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04.08.2020 ലെ കത്ത്.

കർഷകർക്ക് ലളിതമായ നടപടിക്രമങ്ങളിലൂടെ യഥാസമയം കാർഷിക വായ്പ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി ക്ഷീര കർഷകർക്കും, മത്സ്യ കർഷകർക്കും, പൗൾട്രി കർഷകർക്കും കൂടി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിയന്ത്രണ ഉദ്യോഗസ്ഥരുടെ നിർദ്ദേശം ലഭ്യമല്ല എന്ന് ചൂണ്ടിക്കാട്ടിയും, മതിയായ സെക്യൂരിറ്റി ഇല്ല എന്നും, മിൽക്ക് യൂണിയനുമായി ത്രികക്ഷി കരാർ ഇല്ല എന്ന കാരണം പറഞ്ഞും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിരസിക്കുന്നതായി നബാർഡ് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശം 2 പ്രകാരം സംസ്ഥാന സഹകരണ ബാങ്ക് അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി ക്ഷീര കർഷകർക്കും മത്സ്യ കർഷകർക്കും പൗൾട്രി കർഷകർക്കും കൂടി ലഭ്യമാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി സംസ്ഥാനത്തെ ക്ഷീര കർഷകർക്കും, മത്സ്യ കർഷകർക്കും, പൗൾട്രി കർഷകർക്കും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സ്വീകരിക്കേണ്ടതാണ്.

2. നിലവിൽ വായ്പാ കുടിശ്ശിക ഉണ്ടെങ്കിലോ മറ്റേതെങ്കിലും ബാങ്കിൽ നിന്നും കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന കർഷകന് വായ്പ ലഭ്യമായിട്ടുണ്ടെങ്കിലോ മാത്രമേ അപേക്ഷകൾ നിരസിക്കുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം കിസാൻ ക്രെഡിറ്റ് കാർഡ് അപേക്ഷകൾ നിരസിക്കുവാൻ പാടുള്ളതല്ല.

3. ക്ഷീര, മത്സ്യ, പൗൾട്രി കർഷകർക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള സബ്സിഡി മുതലായ ധനസഹായങ്ങൾ ലഭ്യമാകുന്നതരത്തിൽ ടി വകുപ്പുകൾ മുഖാന്തിരം അപേക്ഷകൾ ലഭ്യമാക്കി ഉറപ്പ് വരുത്തി സഹകരണ നിയമത്തിനും സംഘത്തിന്റെ നിയമാവലിക്ക് വിധേയമായിട്ടും കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വായ്പകൾ നൽകേണ്ടതാണ്.

4. കിസാൻ ക്രെഡിറ്റ് കാർഡ് സംബന്ധിച്ച് നിലവിലുള്ള നബാർഡിന്റെയും രജിസ്ട്രാറുടെയും സർക്കുലർ നിർദ്ദേശങ്ങൾ തുടർന്നും പാലിക്കേണ്ടതാണ്

5. കിസാൻ ക്രെഡിറ്റ് കാർഡ് വായ്പകൾ നൽകുന്നതിലേക്കായി നബാർഡ് പുനർവായ്പാ പദ്ധതികളായ STSAO, STOSA എന്നിവ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
ഡോ.നരസിംഹഗരി ടി എൽ റെഡ്ഡി. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ് :-

1. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
2. സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ഡയറക്ടർ ക്ഷീരവികസന വകുപ്പ്
5. ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ്
6. ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്
7. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
8. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
9. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്കും.
10. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും. (എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും. (ജില്ലാ ജോയിന്റ് ഡയറക്ടർ ആഡിറ്റ് മുഖേന)

12. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ. ( ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
13. ചീഫ് ജനറൽ മാനേജർ, നബാർഡ്, കേരള റീജിയണൽ ഓഫീസ് തിരുവനന്തപുരം.
14. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
15. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
16. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
17. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും.
18. എഡിറ്റർ, സഹകരണ വീഥി.
19. വെബ് സൈറ്റ്.
20. സ്റ്റോക്ക് ഫയൽ.
21. സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)